# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷന്
തിരുവനന്തപുരം -695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

തിരുവനന്തപുരം

നമ്പർ. 1430/R1/2023/KDRB

തീയതി : 25.07.2024

## അറിയിപ്പ്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് 11.10.2023 ൽ വിജ്ഞാപനം ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിലെ **പാർട്ട് ടൈം തളി (കാറ്റഗറി നം. 02/2023)** തസ്തികയുടെ 04.06.2024 ന് പ്രസിദ്ധീകരിച്ച **06/2024** ആം നമ്പർ സാധ്യതാപ്പട്ടികയിൽ **ഉൾപ്പെട്ടിട്ടുള്ള** ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന **29.07.2024,30.07.2024,31.07.2024** തീയതികളിലും **പാർട്ട് ടൈം കഴകം കം വാച്ചർ കാറ്റഗറി നം (03/2023)** തസ്തികയുടെ **29.05.2024** ന് പ്രസിദ്ധീകരിച്ച **05/2024** ആം നമ്പർ സാധ്യതാപ്പട്ടികയിൽ **ഉൾപ്പെട്ടിട്ടുള്ള** ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന **05.08.2024,06.08.2024,07.08.2024** തീയതികളിലും രാവിലെ 9.30 മുതൽ **തിരുവനന്തപുരം നന്തൻകോട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്ത്** വെച്ച് നടത്താൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ട അറിയിപ്പ്:-

### I. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് താഴെ പറയുന്ന അസ്സൽ പ്രമാണങ്ങളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്.

1. അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജനനത്തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
2. വിദ്യാഭ്യാസ യോഗ്യത ( പത്താം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ).
3. ഉദ്യോഗാർത്ഥികൾ profile ൽ രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസം രേഖപ്പെടുത്തിയ തിരിച്ചറിയൽ രേഖയും അതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും (ആധാർ കാർഡ്, വോട്ടേഴ്സ് ഐ.ഡി.കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് തുടങ്ങിയ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ചിട്ടുള്ള 16 ഇനങ്ങളിൽ ഒന്ന് ) **അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന വിലാസം തെളിയിക്കുന്നതിനുള്ള തിരിച്ചറിയൽ രേഖ കൈവശമില്ലാത്ത പക്ഷം ആയത് തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ / ഗസറ്റഡ് ഓഫീസർ നൽകുന്ന ONE AND SAME CERTIFICATE ഹാജരാക്കേണ്ടതാണ്.**
4. സംവരണാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ അംഗമാണെങ്കിൽ ബന്ധപ്പെട്ട തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിന്റെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ 2 **പകർപ്പും ഹാജരാക്കേണ്ടതാണ്.**

5. ജാതി സംവരണത്തിന് അർഹതയുള്ള മറ്റു പിന്നാക്ക ജാതിയിലെ/സമുദായത്തിലെ അംഗമാണെങ്കിൽ 26.09.2009 ലെ 81/2009/എസ്.സി/എസ്.റ്റി/ഡി.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് **(NCLC) (FOR EMPLOYMENT UNDER STATE GOVERNMENT).**

6. ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നയാളാണെങ്കിൽ (Economically Weaker Sections) 18.11.2019 ലെ **GO (P) 79/2019/RD** പ്രകാരം വില്ലേജ് ഓഫീസർ നൽകുന്ന **കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന നിയമനങ്ങൾക്കായുള്ള സർട്ടിഫിക്കറ്റ്. ( EWS സർട്ടിഫിക്കറ്റിന്റെ മാതൃക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ DOWNLOADS എന്ന സെക്ഷനിൽ FORMS എന്ന ഭാഗത്ത് ലഭ്യമാണ് ).**

7. **സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതായ തങ്ങളുടെ ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് / EWS സർട്ടിഫിക്കറ്റ് ഇവയുടെ അസ്സൽ ഹാജരാക്കാത്തപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ഇവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതാണ്.**

8. **ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, സമുദായം, മറ്റ് ആനുകൂല്യങ്ങൾ ഇവ തെളിയിക്കുന്ന പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ് കൂടി സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.**

9. **മതം / ജാതി എന്നിവ രേഖപ്പെടുത്തിയിട്ടില്ലാത്ത പത്താം ക്ലാസ് സർട്ടിഫിക്കറ്റുകൾ (ICSE/ CBSE മുതലായവ) ഹാജരാക്കിയിട്ടുള്ള ഉദ്യോഗാർത്ഥികൾ വില്ലേജ് ആഫീസറിൽ നിന്നുള്ള മതം/ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

10. **ഭിന്നശേഷി സംവരണത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികൾ (കാറ്റഗറി നം (02/2023) പാർട്ട് ടൈം തളി തസ്തികക്ക് മാത്രം ബാധകം) 25.08.2020 ലെ സർക്കാർ ഉത്തരവ് നമ്പർ ജി ഒ (പി) 19/2020/സ.നി.വ-യിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള JOB ORIENTED PHYSICAL AND FUNCTIONALITY സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

11. **സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ദിവസം ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സഹിതം നേരിട്ട് ഹാജരാകാത്ത ഉദ്യോഗാർത്ഥികളെ ഈ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല. സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ യാതൊരു കാരണവശാലും സമയം നീട്ടി നൽകുന്നതല്ല.**

12. **സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് നിശ്ചയിച്ചിട്ടുള്ള തീയതി മാറ്റിനൽകുകയോ, പ്രമാണങ്ങൾ ഹാജരാക്കുന്നതിനുള്ള സമയപരിധി നീട്ടിനൽകുകയോ ചെയ്യുന്നതല്ല.**

**30.07.2024 ന് പി എസ് സി നടത്തുന്ന ഖാദി ബോർഡ് എൽഡി ക്ലർക്ക് മെയിൻ എക്സാം ഉള്ള ഉദ്യോഗാർത്ഥികൾ അന്നേ ദിവസം വൈകീട്ട് 5 മണിക്ക് മുൻപായി സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് ഹാജരാകാത്ത പക്ഷം ഇതുസംബന്ധിച്ച് ഒരു സാക്ഷ്യപത്രവും അപേക്ഷയുമായി പി എസ് സി ഹാൾടിക്കറ്റ് സഹിതം മുകളിൽ പ്രസ്താവിച്ച സർട്ടിഫിക്കറ്റ് പകർപ്പുകളുമായി 01.08.2024 ന് കെ ഡി ആർ ബി ഓഫീസിൽ ഹാജരാകുകയാണെങ്കിൽ വെരിഫിക്കേഷൻ നടത്തുന്നതാണ്.**

**തിരുവിതാംകൂർ ദേവസ്വത്തിലെ പാർട്ട് ടൈം തളി കാറ്റഗറി നം (02/2023),പാർട്ട് ടൈം കഴകം കം വാച്ചർ കാറ്റഗറി നം (03/2023) തസ്തികകളുടെ** സാധ്യതാപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള **ഉദ്യോഗാർത്ഥികൾ കെ ഡി ആർ ബി പ്രസിദ്ധീകരിച്ച രണ്ട് തസ്തികയുടെയും ഷെഡ്യൂൾ പ്രകാരമുള്ള ദിവസങ്ങളിൽ തന്നെ വെരിഫിക്കേഷനു ഹാജരാകേണ്ടതാണ്. ഒരേ ദിവസം വെരിഫിക്കേഷൻ നടത്തി നല്കുന്നതല്ല.**

**കുറിപ്പ്:-**

1. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ സംബന്ധിച്ച ഈ അറിയിപ്പ് അന്തിമമാണ്. ഇത് സംബന്ധിച്ച് മറ്റ് കത്തിടപാടുകൾ നടത്തുന്നതല്ല.
2. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച തിരിച്ചറിയൽ രേഖകളുടെ വിശദവിവരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.kdrb.kerala.gov.in) ലഭ്യമാണ്

.

ഒപ്പ്/-

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്